ചേർപ്പ് നിയോജക മണ്ഡലത്തിലെ പാറളം ഗവൺമെന്റ് ആശുപത്രി

137 [913] ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) രോഗികളെ കിടത്തി ചികിത്സിക്കുന്നതിനായി പുതുതായി തെരഞ്ഞെടുത്തിട്ടുള്ള ആശുപത്രികൾ ഏതെല്ലാമാണ് ; ഇതിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡം എന്താണെന്ന് വിശദമാക്കുമോ ;

(ബി) ചേർപ്പ് നിയോജകമണ്ഡലത്തിലെ പാറളം ഗവൺമെന്റ് ആശുപത്രിയിൽ രോഗികളെ കിടത്തി ചികിത്സിക്കുന്നതിനുള്ള നടപടികൾ ഏതുവരെയായിയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് എം.പി./എം.എൽ.എ.മാരുടെ പ്രാദേശിക വികസന ഫണ്ട് ഉപയോഗിച്ചും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും മറ്റും ഫണ്ട് ഉപയോഗിച്ചും പ്രാഥമികാരോഗ്യകേന്ദ്രങ്ങളോടനുബന്ധിച്ച് നിർമ്മിച്ചതും പ്രവർത്തനരഹിതമായി കിടന്നിരുന്നതുമായ 201 കെട്ടിടങ്ങളിൽ കിടത്തി ചികിത്സക്കുള്ള സൗകര്യം ലഭ്യമാക്കാൻ സർക്കാർ 15-7-2004-ലെ (എംഎസ്.) 152/04 ആകുവ നമ്പർ ഉത്തരവ് പ്രകാരം 1200 പുതിയ തസ്തികകൾ സൃഷ്ടിക്കുകയും അവയിൽ നിയമനം നടത്തി കിടത്തി ചികിത്സ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. ഇവയിൽ 61 സ്ഥാപനങ്ങളിൽ കിടത്തി ചികിത്സ ആരംഭിച്ചുകഴിഞ്ഞു. ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ബി) പുതിയ തസ്തികകൾ സൃഷ്ടിച്ച് കിടത്തി ചികിത്സ ആരംഭിക്കണമെന്ന നിർദ്ദേശം പരിശോധിച്ച് വരികയാണ്.

ജനപ്രതിനിധികൾ നൽകുന്ന കത്തുകൾക്ക് ആരോഗ്യവകുപ്പിൽ നിന്നും മറുപടികൾ യഥാസമയം ലഭ്യമാക്കാൻ നടപടി

138 [914] ശ്രീ. ഇ. എം. അഗസ്തി : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ജനപ്രതിനിധികൾ നൽകുന്ന കത്തുകൾക്ക് ആരോഗ്യവകുപ്പിൽനിന്നും മറുപടികൾ യഥാസമയം നൽകുന്നുണ്ടോ ; ഇല്ലെങ്കിൽ ഇക്കാര്യത്തിൽ അടിയന്തിര നടപടി സ്വീകരിക്കുമോ ?

ഉത്തരം

ജനപ്രതിനിധികൾ നൽകുന്ന കത്തുകൾക്ക് യഥാസമയം മറുപടി നൽകുന്നുണ്ട്.

† അനുബന്ധം V

LIBRARY ARCHIVES Kerala Legislative Assembly